## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3306

22/8/2017-ലെ മറുപടി

## അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എ.അഹമ്മദ് കബീർ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ജലവിഭവ വകുപ്പിൽ ഈയിടെ നടത്തിയ 72 എ.ഇ മാരുടെ നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കാനായി വകുപ്പ് സ്വീകരിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽ 08/5/2017-ൽ പി.എസ്.സി മുഖേന 88 പേർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമന നൽകിയിരുന്നു. ഇവരിൽ 11 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ല. 5 പേർ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകുന്നതിന് അപേക്ഷിച്ചിരുന്നു. ബാക്കിയുള്ള 72 പേർക്ക് ജല അതോറിറ്റിയിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുടെ ഡിവിഷൻ തലത്തിലുള്ള ലിസ്റ്റ് നൽകുകയും അവരവരുടെ താൽപര്യമനുസരിച്ച് മുൻഗണനാക്രമത്തിൽ നിയമനം ലഭിക്കേണ്ട ഓഫീസിന്റെ പട്ടിക രഹസ്യമായി തയ്യാറാക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിൻ പ്രകാരം അവർ നൽകിയ ഓപ്ഷനുകളിൽ 53 പേർക്ക് അവർ ആവശ്യപ്പെട്ട ആദ്യ ഓപ്ഷൻ പ്രകാരവും 9 പേർക്ക് രണ്ടാമത്തെ ഓപ്ഷൻ പ്രകാരവും 7 പേർക്ക് മൂന്നാമത്തെ ഓപ്ഷൻ പ്രകാരവും 3 പേർക്ക് നാലാമത്തെ ഓപ്ഷൻ പ്രകാരവും നിയമനം നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള നിയമനവും തുടർന്നുള്ള സ്ഥലംമാറ്റവും ഇതേ രീതിയിൽ എല്ലാ വകുപ്പുകളിലും അവലംബിച്ചാൽ ജീവനക്കാർക്കും സർക്കാരിനും ഒരുപോലെ ഗുണം ചെയ്യുമെന്ന വസ്തുത കണക്കിലെടുത്ത് ഈ രീതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇതിനായി സ.ഉ.(പി) നമ്പർ 3/17 ഉഭപവ ആയി പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |

(സി) എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്ക് അവരുടെ തന്നെ ജില്ലകളിൽ ജോലി ചെയ്യാൻ കഴിയുന്നവണ്ണം ഒരു സുതാര്യ മായ രീതി നടപ്പിലാക്കാൻ നടപടി കൈക്കൊള്ളുമോ?

സെക്ഷൻ ഓഫീസർ

JSK/